(ഡി) നിലവിലുള്ള സംവിധാനം പരമാവധി പ്രയോജനപ്പെടുത്തി പരിശോധന ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ഇക്കാര്യത്തിൽ കുറച്ചു കൂടി ശ്രദ്ധചെലുത്താൻ നിർദ്ദേശം നൽകുന്നതാണ്.

സ്വർണ്ണത്തിന്റെ പ്യൂരിറ്റി പരിശോധിക്കാൻ സംവിധാനം

86(2884) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വർണ്ണക്കടകളിലൂടെ വിൽക്കപ്പെടുന്ന സ്വർണ്ണത്തിന്റെ പ്യൂരിറ്റി പരിശോധിക്കുവാൻ സർക്കാർതലത്തിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(ബി) സ്വർണ്ണത്തിന്റെ മേന്മ കുറച്ചു വിറ്റതിന് ഏതെങ്കിലും കടയ്ക്കെതിരെ നടപടി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന സ്വർണ്ണത്തിന്റെ മേന്മ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സർക്കാർ ആധുനിക ടെസ്റ്റിംഗ് സാമഗ്രികൾ ഉള്ള ലാബറട്ടറികൾ സ്ഥാപിക്കുമോ?

ഉത്തരം

(എ) നോൺ ഡിസ്ട്രിക്ടീവ് മെത്തഡിൽ പരിശോധിക്കുവാൻ സാധിക്കുമോ എന്നതു സംബന്ധിച്ച് പഠനം നടന്നുവരികയാണ്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ റീജിയണൽ റിസർച്ച് ലബോറട്ടറിയിലെ ശാസ്ത്രജ്ഞൻ ശ്രീ. സി.എസ്.അയ്യരെ പഠനത്തിന്റെ ചുമതല ഏൽപ്പിച്ചിരിക്കുകയാണ്.

(ബി) ഇല്ല.

(സി മേൽസൂചിപ്പിച്ച പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരായി ജൂനിയർ ഐ.എ.എസ്.കാരെ നിയമിക്കുവാനുള്ള തീരുമാനം

87 (2885) ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരായി ജൂനിയർ ഐ.എ.എസ്സുകാരെ നിയമിക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്പോൾ എത്ര ജില്ലകളിൽ ഐ.എ.എസ്സുകാർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരായി നിയമിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചില ജില്ലകളിൽ ഐ.എ.എസ്സുകാരല്ലാത്തവരെ നിയമിക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ?

ഉത്തരം

(എ) ജില്ലാ പഞ്ചായത്തു സെക്രട്ടറിമാരായി ഐ.എ.എസ്സുകാരെ നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 10 ജില്ലാ പഞ്ചായത്തുകളിൽ ഐ.എ.എസ്സുകാരെ സെക്രട്ടറിമാരായി നിയമിച്ചിട്ടുണ്ട്.

(സി) വേണ്ടത്ര ഐ.എ.എസുകാർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആണ് ഐ.എ.എസ്. കാരല്ലാത്തവർ നിയമിതരായത്.

അഴിമതി ആരോപണങ്ങൾ

88 (2886) ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുവകുപ്പിന്റെ പ്രവർത്തനത്തിനെതിരെ അഴിമതി ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ഒരു സംഘടന ഈയിടെ പത്ര സമ്മേളനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു സംഘടന; എന്തൊക്കെ ആരോപണങ്ങളാണ് ഉന്നയിച്ചത്;

(സി) ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം ആരോപണങ്ങളുന്നയിക്കുന്നതിന് സംഘടനയെ പ്രേരിപ്പിച്ച സാഹചര്യമെന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ഉദേശിക്കുന്നില്ല.

ബൃഹത്തായ പഞ്ചായത്തുകളെ വിഭജിക്കുവാൻ പദ്ധതി

89 (2887) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബൃഹത്തായ പഞ്ചായത്തുകളെ വിഭജിക്കുവാനും പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുവാനുമുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അത്തരത്തിലുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(സി) വരുമാനലബ്ധിയുടെ കാര്യത്തിലും ജനസംഖ്യയുടെ കാര്യത്തിലും മുൻപിൽ നിൽക്കുന്ന പഞ്ചായത്തുകൾക്ക് മേജർ പദവി നൽകി അർബൻ ഡെവലപ്പ്മെന്റിന് വിവിധ ഏജൻസികൾ നൽകുന്ന സഹായം അവയ്ക്ക് ലഭിക്കത്തക്കവിധം ഒരു പദ്ധതി രൂപീകരിക്കുമോ?

ഉത്തരം

(എ)&(ബി) അൻപതിനായിരത്തോളം ജനസംഖ്യയുള്ളതും ഭൂമിശാസ്ത്രപരമായ വിസ്തൃതി കാരണം പഞ്ചായത്ത് ഭരണത്തിൽ വിഷമത അനുഭ

LIBRARY ARCHIVES Kerala Legislative Assembly